**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലക്കുള്ളിൽ താമസിക്കുന്ന കോളനി നിവാസികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന വനമേഖലക്കുള്ളിൽ താമസിക്കുന്ന കോളനി നിവാസികളെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്; വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റ്കളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര ധന സഹായത്തോടുകൂടിയുള്ള വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 2012-ലാണ് വയനാട്ടിലെ വന്യജീവിസങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവിസങ്കേതത്തിലെ 14 സെറ്റിൽമെന്റ്കളിൽ നിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവാസിപ്പിക്കുന്നതിലേക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8000 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2011- 2012 മുതൽ സാമ്പത്തിക സഹായം പ്രസ്തുത പ്രൊപ്പോസലിന് നൽകിയിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് 339 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനത്തിനുള്ളിലുള്ളതും വനാതിർത്തിയോട്, ചേർന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും ടി ഇടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇതര വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുട്ടെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രളയാനന്തര കേരളത്തിൻറെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി പുനരധിവസിപ്പി ക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. കിഫ്ബി പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | 168.23 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 438 കുടുബങ്ങളെയും, പ്രളയാനന്തര കേരള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 218.37 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 677 സ്വയം സന്നദ്ധ കുടുബങ്ങളെയുമാണ് പുനരധിവസിപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ബി) | ഉൾവനത്തിൽ നിന്ന് സ്വയം ഒഴിഞ്ഞ് പോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് എന്തൊക്കെ സഹായമാണ് വനം വകുപ്പ് നൽകുന്നത്; | (ബി) | കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം ഉൾവനത്തിൽ നിന്ന് സ്വയം ഒഴിഞ്ഞുപോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ ചെയ്തുവരുന്നു. 1. ഗൃഹനാഥനും ഗൃഹനാഥയുംകൂടി ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും. 2. 18 വയസ്സ് കഴിഞ്ഞ മകൻ കല്യാണം കഴിഞ്ഞതോ കഴിയാത്തതോ ആണെങ്കിലും ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും. 3. അവിവാഹിതയായ മകൾ/ സഹോദരി/ 18 വയസ്സ് പൂർത്തിയാക്കിയ അവിവാഹിതയായ മകൾ സഹോദരി എന്നിവർക്ക് ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും. 4. മാനസിക വൈകല്യം / ശാരീരിക വൈകല്യം ഉള്ള വ്യക്തിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും. 5. അച്ഛനും അമ്മയും നഷ്ടപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും. കിഫ്ബിയിലും കേരള പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം മാറ്റി പാർപ്പിക്കപ്പെടുന്ന അർഹരായ ഓരോ കുടുംബത്തിനും 15 ലക്ഷം രൂപാവീതം നഷ്ടപരിഹാരമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ ഓരോ കുടുംബത്തിനും അപേക്ഷ നൽകുന്നത് മുതൽ അപേക്ഷയിൽ തീർപ്പ് ഉണ്ടാകുന്നത് വരെ ആവശ്യമായ എല്ലാ നടപടി ക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ വനം വകുപ്പ് ചെയ്ത് നൽകുന്നുണ്ട്. |
| (സി) | എത്ര കുടുംബങ്ങളെ ഇതിനകം ഈ പദ്ധതി പ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞു എന്നറിയിക്കാമോ? | (സി) | കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം നാളിതുവരെ 339 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം ഇതുവരെ ആരെയും പുനരധിവസിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 862 14.01.2021 ൽ മറുപടിയ്ക്ക്

## വനമേഖലകളില്‍ താമസിക്കുന്ന കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . സണ്ണി ജോസഫ് | അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന വനമേഖലകളിൽ താമസിക്കുന്ന കോളനി നിവാസികളെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്; വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെൻറിൽ മെൻറുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര ധന സഹായത്തോടുകൂടിയുള്ള വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2012-ലാണ് വയനാട്ടിലെ വന്യജീവിസങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവിസങ്കേതത്തിലെ 14 സെൻറിൽമെൻറുകളിൽ നിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവാസിപ്പിക്കുന്നതിലേക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8000 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2011- 2012 മുതൽ സാമ്പത്തിക സഹായം പ്രസ്തുത പ്രൊപ്പോസലിന് നൽകിയിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് 339 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്.<br>വനത്തിനുള്ളിലുള്ളതും വനാതിർത്തി യോട് ചേർന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും ടി ഇടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇതര വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി പുനരധിവസിപ്പി ക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. കിഫ്ബി പദ്ധതി പ്രകാരം 168.23 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 438 കുടുബങ്ങളെയും, പ്രളയാനന്തര കേരള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 218.37 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 677 സ്വയം സന്നദ്ധ കുടുബങ്ങളെയുമാണ് പുനരധിവസിപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഉൾവനത്തിൽ നിന്ന് സ്വയം ഒഴിഞ്ഞ് പോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് എന്തൊക്കെ സഹായമാണ് വനം വകുപ്പ് നൽകുന്നത്; | (ബി) | കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം ഉൾവനത്തിൽ നിന്ന് സ്വയം ഒഴിഞ്ഞുപോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ ചെയ്തുവരുന്നു.<br>1. ഗൃഹനാഥനും ഗൃഹനാഥയുംകൂടി ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.<br>2. 18 വയസ്സ് കഴിഞ്ഞ മകൻ കല്യാണം കഴിഞ്ഞതോ കഴിയാത്തതോ ആണെങ്കിലും ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.<br>3. അവിവാഹിതയായ മകൾ/ സഹോദരി/ 18 വയസ്സ് പൂർത്തിയാക്കിയ അവിവാഹിതയായ മകൾ/ സഹോദരി എന്നിവർക്ക് ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.<br>4. മാനസിക വൈകല്യം / ശാരീരിക വൈകല്യം ഉള്ള വ്യക്തിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.<br>5. അച്ഛനും അമ്മയും നഷ്ടപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.<br>കിഫ്ബിയിലും കേരള പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം മാറ്റി പാർപ്പിക്കപ്പെടുന്ന അർഹരായ ഓരോ കുടുംബത്തിനും 15 ലക്ഷം രൂപാവീതം നഷ്ടപരിഹാരമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ ഓരോ കുടുംബത്തിനും അപേക്ഷ നൽകുന്നത് മുതൽ അപേക്ഷയിൽ തീർപ്പ് ഉണ്ടാകുന്നത് വരെ ആവശ്യമായ എല്ലാ നടപടി ക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ വനം വകുപ്പ് ചെയ്ത് നൽകുന്നുണ്ട്. |
| (സി) | എത്ര കുടുംബങ്ങളെ ഇതിനകം ഈ പദ്ധതി പ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞു എന്നറിയിക്കാമോ? | (സി) | കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം നാളിതുവരെ 339 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം ഇതുവരെ ആരെയും പുനരധിവസിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ